മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

(സംഗ്രഹം)

## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്- പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ്) പ്രോഗ്രാം- സിലബസ്- ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ(CSS)- 2016 റെഗുലേഷൻസ് അനുസരിച്ചു പരിഷ്കരിച്ചതു - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.1780/എ5/3/SILT-BBALLB-CSS/എസി പി.ഡി.ഹിൽസ്, തീയതി:03.06.2019

---

പരാമർശം 1) സ.ഉ.നം. 4611/എ5/3/2018, തീയതി: 07.06.2018

2) സ.ഉ.നം. 7813/എ5/3/SILT/LLB-CSS/2018, തീയതി: 01/11/2018

3) വകുപ്പുമേധാവി, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് സമർപ്പിച്ച പരിഷ്കരിച്ച സിലബസ്, തീയതി: 21/05/2019

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് - ലെ പരീക്ഷാ നടത്തിപ്പ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ(CSS) രീതിയിലേക്ക് മാറ്റേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ബി.ബി.എ. എൽ.എൽ.ബി. കോഴ്സ് സി.എസ്.എസ്. രീതിയിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ സ്കീം/റെഗുലേഷൻ ഭേദഗതി വരുത്തുന്നതിനായി വിദഗ്ധസമിതിയെ രൂപീകരിച്ച് ഉത്തരവായി. ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ(CSS) -2016 റെഗുലേഷൻസിന് അനുസൃതമായി വിദഗ്ധസമിതി തയാറാക്കി, ഫാക്കൽറ്റി കൗൺസിൽ, ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (Law) എന്നിവർ അംഗീകരിച്ച പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ്) പ്രോഗ്രാമിന്റെ സ്കീം/സിലബസ് വകുപ്പ് മേധാവി പരാമർശം (3) പ്രകാരം സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചു.

CSS-2016 റെഗുലേഷൻസിന് അനുസൃതമായി പരിഷ്കരിച്ച പ്രസ്തുത സ്കീം/സിലബസ് 2018 -2019 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തികൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ(i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. എ.ആർ III/ഡി.ആർ II/ജെ.ആർ (അക്കാദമിക്)
5. EI 29/CSS
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ